പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5554

24.5.2017 ൽ
മറുപടിക്ക്

**അതിരപ്പള്ളിയിലെ മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയകെട്ടിടം**

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) അതിരപ്പള്ളി പഞ്ചായത്തിൽ പ്പെടുന്ന മലക്കപ്പാറയിൽ, നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഇല്ലെങ്കിൽ പുതിയകെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ) യും (ബി) യും (സി) യും തൃശ്ശൂർ റൂറൽ ജില്ലയിലെ അതിരപ്പള്ളി പഞ്ചായത്തിൽ മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്ന-തിനായി ഭൂമി കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ